"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്: - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. വൈ. റഹിംകുട്ടിക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1287/2023/LSGD തീയതി,തിരുവനന്തപുരം, 21-06-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 05.04.2018 ലെ ഡി6-14489/17 നമ്പർ കുറ്റപത്രം.
2. ശ്രീ. റഹിംകുട്ടി. വൈ 20.06.2018 ൽ സമർപ്പിച്ച എതിർവാദപത്രിക.
3. പഞ്ചായത്ത് ഡയറക്ടറുടെ 28.02.2020 ലെ ഡി6 21132/8 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 22.06.2020 ലെ PAN/21132/2018- D6 (DP) നമ്പർ നടപടി ക്രമം
5. പഞ്ചായത്ത് ഡയറക്ടറുടെ 22.06.2020 ലെ PAN/21132/2018 D6 (DP) നമ്പർ കത്ത്
6. സർക്കാരിന്റെ 19.01.2022 ലെ ഇപിബി2/22/2021 തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. 27.01.2022 ൽ ശ്രീ. റഹീംകുട്ടി.വൈ സമർപ്പിച്ച വിശദീകരണം.
8. പഞ്ചായത്ത് ഡയറക്ടറുടെ 01.04.2022 ലെ PAN 21132/2018 - D6 (DP) നമ്പർ കത്ത്.
9. സ.ഉ.(സാധാ) നം.1122/2022/LSGD തീയതി 05-05-2022
10. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09.06.2022 ലെ KLM/813/2022 - D1 നമ്പർ ഔപചാരികാന്വേഷണ റിപ്പോർട്ട്.
11. സർക്കാരിന്റെ 22.06.2022 ലെ ഇപിബി 22/221/തസ്വഭവ നമ്പർ കത്ത്.
12. ശ്രീ. റഹിംകുട്ടി 30.06.2022 ൽ സമർപ്പിച്ച മറുപടി.
13. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.08.2022 ലെ KLM/813/2022 - D1 നമ്പർ റിപ്പോർട്ട്.
14. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 23/05/2023 ലെ A1-2/48/2022-KPSC നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. വൈ. റഹിംകുട്ടിക്കെതിരെ താഴെപറയുന്ന ആരോപണങ്ങളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി.

1. കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിൽ ശ്രീമതി മായാരത്നം, ഇണ്ടിൽ വീട് എന്നയാളുടെ ഉടമസ്ഥതയിലുള്ള കലയപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 13 ൽ 9698 തണ്ടപ്പേരിൽ സർവ്വേ 373/02

നമ്പരിൽ പെട്ട് 103 ആർ 12 ച.മീ. വിസ്തീർണ്ണമുള്ള "നിലം" വിഭാഗത്തിൽപെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതിക്കായുള്ള അപേക്ഷ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ ശുപാർശ മാത്രം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സെക്രട്ടറിക്ക് സമർപ്പിച്ചു.

2. ശ്രീമതി നവനീതകൃഷ്ണൻ, ആവിയോട് ഹൗസ്, കിഴക്കേക്കര, കൊട്ടാരക്കര എന്ന വ്യക്തി VII/317 D നമ്പർ മുറിയിൽ ഹോട്ടൽ വ്യാപാരം നടത്തുന്നതിന് 30.04.2016 ൽ സമർപ്പിച്ച അപേക്ഷയിൽ, സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ 01.08.2016 ൽ 123/16-17 നമ്പർ പ്രകാരം സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്ന ശ്രീ. റഹിംകുട്ടി ലൈസൻസ് നൽകിയിട്ടുണ്ട്.
3. പഞ്ചായത്ത് രാജ് ആക്ട് 235 W പ്രകാരം 13.05.2016 ൽ സെക്രട്ടറി നോട്ടീസ് നൽകി നടപടി ആരംഭിച്ചതിന് ശേഷമാണ് അസിസ്റ്റന്റ് സെക്രട്ടറി ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

കുറ്റപത്രത്തിന്മേൽ ശ്രീ. റഹിംകുട്ടിയുടെ പരാമർശം (2) പ്രകാരമുള്ള എതിർവാദ പത്രിക തൃപ്തികരമല്ലാത്തതിനാൽ ടിയാന്റെ 3 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടയാൻ പഞ്ചായത്ത് ഡയറക്ടർ താൽക്കാലികമായി തീരുമാനിക്കുകയും പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. അച്ചടക്ക നടപടി തുടർന്നു വരവേ 30.04.2020 ൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് ടിയാനെതിരെയുണ്ടായിരുന്ന അച്ചടക്ക നടപടി പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ തുടരാൻ സാധിക്കാത്തതിനാൽ ടിയാനെതിരെ തുടർന്നു വന്ന അച്ചടക്ക നടപടി തീർപ്പാക്കി കൊണ്ടും KSR Part 3 ചട്ടം 3(a) പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിൽ ശുപാർശ ചെയ്തു കൊണ്ടും പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. റഹിംകുട്ടിയ്ക്കെതിരെ ഗുരുതരമായ വീഴ്ചകളാണ് ആരോപിച്ചിരിക്കുന്നത് എന്നതിനാൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് KSR ഭാഗം III ചട്ടം 3 പ്രകാരം കുറവ് ചെയ്യാൻ സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും ടിയാന് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

കാരണംകാണിക്കൽ നോട്ടീസിന് ശ്രീ. റഹിംകുട്ടി പരാമർശം (7) പ്രകാരം സമർപ്പിച്ച വിശദീകരണത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (8) പ്രകാരം ചുവടെ ചേർക്കുന്ന വസ്തുതകൾ അറിയിക്കുകയുണ്ടായി.

കൊല്ലം ജില്ലയിലെ മൈലം ഗ്രാമ പഞ്ചായത്തിൽ ശ്രീമതി. മായാരത്നം എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ള കലയപുരം വില്ലേജിലെ സർവ്വേ നം. 373/02 നമ്പരിൽ പെട്ട 103 ആർ ച.മീ വിസ്തീർണ്ണമുള്ള നിലത്തിൽ "നിർമ്മിച്ചിരിക്കുന്ന എം.പി. VII/317 D നമ്പർ മുറിയിൽ ഹോട്ടൽ നടത്തുന്നതിന് ശ്രീമതി. നവനീത എന്നിവർ സമർപ്പിച്ച അപേക്ഷയിൽ സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാത്തെ തന്നെ 01.9.2010 ൽ 123/19-17 നമ്പർ പ്രകാരം സെക്രട്ടറിയുടെ ചമതല വഹിച്ചിരുന്ന ശ്രീ. റഹിംകുട്ടി ലൈസൻസ് അനുവദിച്ച് നൽകിയത് തെറ്റായ നടപടിക്രമമാണ് . കൂടാതെ വാസത്തിന് നൽകിയ പെർമിറ്റിന്മേൽ വാണിജ്യ ആവശ്യത്തിനുള്ള, നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകിയ നടപടി തെറ്റാണെന്ന് പിന്നീട് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി നിർമ്മാണം കേരളാ പഞ്ചായത്ത് രാജ് ആക്ട് 235 W പ്രകാരം പൊളിച്ച് മാറ്റുന്നതിന് നോട്ടീസ് നൽകിയിരുന്നു. ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് ടി കെട്ടിടം നിയമാനുസൃതം നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന് പരിശോധിക്കുന്നതിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. റഹിംകുട്ടിക്ക് വീഴ്ച പറ്റിയിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ കുറ്റാരോപിതന്റെ ഭാഗത്ത് നിന്ന് വളരെ ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട് എന്ന് സർക്കാർ വിലയിരുത്തുകയും ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുന്നതിന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (9) പ്രകാരം ഉത്തരവായിരുന്നു. ആയതിന്മേൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (10) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ട് പ്രകാരം വാസഗൃഹത്തിന് നൽകിയ പെർമിറ്റിന്മേൽ കൊമേഴ്സ്യൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് നമ്പർ അനുവദിച്ച് നൽകിയ നടപടി തെറ്റാണ് എന്ന് പിന്നീട് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. സുരേഷ് കുമാർ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 ഡബ്ല്യു പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് നോട്ടീസ് നൽകിയിരുന്നുവെന്നും, പിന്നീട് സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. റഹിംകുട്ടി. വൈ ലൈസൻസ് അനുവദിച്ചത്, മുമ്പ് നൽകിയ നോട്ടീസ് പരിശോധിക്കാതെയാണെന്നും, കെട്ടിടം പൊളിച്ചു മാറ്റുന്നതിന് നോട്ടീസ് നൽകിയ വിവരം സെക്ഷൻ ക്ലാർക്കോ മറ്റാരെങ്കിലുമോ അറിയിച്ചിരുന്നില്ല എന്ന ടിയാളുടെ വാദം മുഖവിലയ്ക്കെടുക്കാവുന്നതല്ലെന്നും, ലൈസൻസ് അനുവദിക്കുന്നതിനു മുമ്പ് കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണോ എന്ന് പരിശോധിക്കുന്നതിൽ സെക്രട്ടറിയുടെ അധിക ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. റഹിംകുട്ടിക്ക് വീഴ്ച പറ്റിയിട്ടുണ്ടെന്നും ശ്രീമതി. നവനീത കൃഷ്ണൻ, ആവിയോട് ഹൗസ്, കിഴക്കേക്കര, കൊട്ടാരക്കര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും പഞ്ചായത്ത് രാജ് ആക്ട് 235 ഡി പ്രകാരം പൊളിച്ചുമാറ്റുന്നതിന് നോട്ടീസ് നൽകിയതുമായ 7/317 ഡി എന്ന നമ്പർ മുറിയിൽ ഹോട്ടൽ വ്യാപാരം നടത്തുന്നതിന് മതിയായ രേഖകൾ പരിശോധിക്കാതെ ലൈസൻസ് അനുവദിച്ച നടപടി ടിയാന്റെ ഭാഗത്തു നിന്നുള്ള ഗുരുതര കൃത്യ വിലോപമായി കാണുന്നുവെന്നും ആയതിനാൽ ടിയാനുമേൽ ആരോപിച്ചിട്ടുള്ള രണ്ടും മൂന്നും കുറ്റങ്ങൾ നിലനിൽക്കുന്നതാണെന്നും ഔപചാരിക അന്വേഷണ അധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഔപചാരിക അന്വേഷണ റിപ്പോർട്ട് പരാമർശം (11) പ്രകാരം ശ്രീ. റഹിംകുട്ടിയ്ക്ക് അയച്ചുനൽകുകയും ആയതിന്മേൽ ടിയാൻ പരാമർശം (12) പ്രകാരം മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ആയത് പ്രകാരം ഹോട്ടൽ വ്യാപാരത്തിന് സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് കൂടുതൽ വസ്തുതകൾ ബോധിപ്പിക്കാനുണ്ട് എന്നും തന്നെ നേരിൽ കേൾക്കണമെന്നും മൈലം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായിരിക്കെ 15.07.2016 മുതൽ 01.08.2016 വരെ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല താൻ വഹിച്ചിരുന്നുവെന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 236 (3) പ്രകാരം ലൈസൻസിനുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ 30 ദിവസത്തിനകം തീർപ്പാക്കിയിട്ടില്ലെങ്കിൽ അത് അനുമാനിത ലൈസൻസായി കണക്കാക്കുന്നതാണ് എന്നും അപ്രകാരം 30.04.2016 ൽ ലഭിച്ച അപേക്ഷ 30.05.2016 വരെ തീർപ്പാക്കാതിരുന്നതിനാൽ അത് അനുമാനിത ലൈസൻസായി മാറിയിട്ടുള്ളതാണ് എന്നും തത്സമയം സെക്രട്ടറിയുടെ ചുമതല തനിക്കുണ്ടായിരുന്നില്ല എന്നും താൻ അപേക്ഷകന്റെ താൽപര്യപ്രകാരവും ഉത്തമവിശ്വാസത്തിലും പൊതുജന താൽപര്യത്തിലും കൺഫർമേറ്ററി ലൈസൻസ് നൽകുകയാണ്ഉണ്ടായിട്ടുള്ളതെന്നും, കെട്ടിടനികുതി അസസ്മെന്റ് രജിസ്റ്റർ ആണ് കെട്ടിടങ്ങളുടെ അടിസ്ഥാന രജിസ്റ്റർ എന്നതിനാൽ കെട്ടിടം പൊളിക്കുവാൻ നോട്ടീസ് കൊടുത്ത വിവരം രജിസ്റ്ററിന്റെ റിമാർക്സ് കോളത്തിൽ ചേർക്കേണ്ടതായിരുന്നുവെന്നും അപ്രകാരം ചെയ്യാതിരുന്നാൽ പിന്നീട് വരുന്ന സെക്രട്ടറിക്കോ മറ്റുദ്യോഗസ്ഥർക്കോ യാതൊരു സൂചനയും ലഭിക്കുന്നതല്ലന്ന കാതലായ പ്രശ്നത്തെപ്പറ്റി അന്വേഷണ റിപ്പോർട്ടിൽ ഒന്നും പറഞ്ഞിട്ടില്ലാത്തത് തന്നോട് കാണിച്ച അനീതിയാണെന്നും ടിയാൻ വാദിക്കുന്നു.

ശ്രീ. റഹിംകുട്ടി ആവശ്യപ്പെട്ട പ്രകാരം 10.08.2022 രാവിലെ 11.30 ന് ടിയാനെ നേരിൽ കേൾക്കുകയുണ്ടായി. ഔപചാരിക അന്വേഷണ റിപ്പോർട്ടിന്മേൽ ലഭ്യമാക്കിയ മറുപടിയിൽ ഉന്നയിച്ച വാദങ്ങൾ തന്നെ ഹിയറിംഗ് വേളയിലും ആവർത്തിക്കുകയുണ്ടായി. വിരമിച്ച് രണ്ട് വർഷം കഴിഞ്ഞുവെന്നും പെൻഷൻ ആനുകൂല്യങ്ങൾ ഒന്നും ലഭ്യമായിട്ടില്ലായെന്നും വിവാഹപ്രായമായ മകളുണ്ടെന്നും എത്രയും വേഗം അച്ചടക്കനടപടി പൂർത്തിയാക്കി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നും പെൻഷനിൽ നിന്നും കുറവുവാനുള്ള തുകയിൽ ഇളവ് നല്കണമെന്നും അഭ്യർത്ഥിച്ചു.

ടിയാന്റെ മറുപടിയിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (13) പ്രകാരം അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് പ്രകാരം ഹോട്ടൽ വ്യാപാരത്തിന് സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് ടിയാൻ ഡീംഡ് ലൈസൻസാണ് നൽകിയതെന്ന വാദം മുമ്പ് നൽകിയിട്ടുള്ള വിശദീകരണങ്ങളിൽ ഒന്നും തന്നെ

ഉന്നയിച്ചിട്ടില്ലാത്തതാണെന്നും ടിയാന്റെ ഈ വാദം സാധൂകരിക്കുന്ന യാതൊരുവിധ രേഖകളും ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണെന്നും ഒരു അന്വേഷണ റിപ്പോർട്ടുപോലുമില്ലാതെ ലൈസൻസ് അപേക്ഷ അനുവദിച്ചു എന്ന് കാണിച്ച് സെക്രട്ടറിയുടെ ഒപ്പു രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതെന്നും വ്യക്തമായ തെളിവുകൾ ഇല്ലാതെ പഞ്ചായത്ത് രാജ് ആക്ടിനെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് മുമ്പ് ടിയാൻ സമർപ്പിച്ച വിശദീകരണങ്ങളിലൊന്നും തന്നെ ഉന്നയിക്കാത്ത ഇത്തരം വാദങ്ങൾ തള്ളിക്കളയാവുന്നതാണെന്നും പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായപ്പെട്ടു. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 ഡബ്ല്യൂ പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് നോട്ടീസ് നൽകിയതിന് ശേഷം സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. റഹിംകുട്ടി. വൈ. ലൈസൻസ് അനുവദിച്ചത് ടി. നോട്ടീസ് പരിശോധിക്കാതെയാണ്. കെട്ടിടം പൊളിച്ചു മാറ്റുന്നതിന് നോട്ടീസ് നൽകിയ വിവരം റിമാർക്ക്സ് കോളത്തിൽ ചേർക്കേണ്ടതായിരുന്നുവെന്നും അപ്രകാരം ചെയ്തിരുന്നുവെങ്കിൽ താൻ ഇതിനെകുറിച്ച് അറിയുമായിരുന്നു എന്നുമുള്ള വാദം മുഖവിലയ്ക്കെടുക്കാവുന്നതല്ല. ലൈസൻസ് അനുവദിക്കുന്നതിനുമുമ്പ് കെട്ടിടം നിയമാനുസൃത നമ്പരോടു കൂടിയതാണോ എന്ന് പരിശോധിക്കുന്നതിൽ സെക്രട്ടറിയുടെ അധിക ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.റഹിംകുട്ടി. വൈ-ക്ക് വീഴ്ച പറ്റിയിട്ടുണ്ട്. ലൈസൻസ് അപേക്ഷയിൽ അപേക്ഷയെ കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് എന്ന ഭാഗത്ത് യാതൊരുവിധ രേഖപ്പെടുത്തലുമില്ലാതെ അതായത് പ്രാഥമികമായി നടത്തേണ്ട അന്വേഷണം പോലും നടത്താതെ ലൈസൻസ് അപേക്ഷ അനുവദിച്ചു എന്ന് കാണിച്ച് പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.
ശ്രീമതി. നവനീത കൃഷ്ണൻ, ആവിയോട് ഹൗസ്, കിഴക്കേക്കര, കൊട്ടാരക്കര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും പഞ്ചായത്ത് രാജ് ആക്ട് 235 ഡബ്ല്യൂ പ്രകാരം പൊളിച്ചുമാറ്റുന്നതിന് നോട്ടീസ് നൽകിയതുമായ 7/317 ഡി എന്ന നമ്പർ മുറിയിൽ ഹോട്ടൽ വ്യാപാരം നടത്തുന്നതിന് മതിയായ രേഖകൾ പരിശോധിക്കാതെ ലൈസൻസ് അനുവദിച്ച നടപടി ടിയാന്റെ ഭാഗത്തു നിന്നുള്ള ഗുരുതര കൃത്യ വിലോപമായതിനാൽ ടിയാനുമേൽ ആരോപിച്ചിട്ടുള്ള രണ്ടും മൂന്നും കുറ്റങ്ങൾ നിലനിൽക്കുന്നതാണ്. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 236 (3) പ്രകാരം ലൈസൻസ് അപേക്ഷയിന്മേൽ തീരുമാനമെടുക്കാനുള്ള സമയം 30 ദിവസത്തിലധികരിച്ചാൽ ആയത് ഡീംഡ് ലൈസൻസ് ആകുമെന്നുള്ളത് അപേക്ഷകന്റെ അവകാശമാണെന്നിരിക്കേ ആയത് സ്ഥാപിച്ച് നൽകുകയാണ് ചെയ്തത് എന്ന ടിയാന്റെ പുതിയ വാദം അംഗീകരിക്കത്തക്കതല്ല എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. റഹിംകുട്ടിക്കെതിരായ ആരോപണങ്ങളിലെ രണ്ടും മൂന്നും കുറ്റങ്ങൾ നിലനിൽക്കുന്നതായി ഔപചാരിക അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഔപചാരിക അന്വേഷണ റിപ്പോർട്ടിന്മേലുള്ള ടിയാളുടെ വാദമുഖങ്ങൾ പരിഗണനാർഹമല്ല എന്ന് പഞ്ചായത്ത് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ വിരമിച്ച് രണ്ട് കൊല്ലം കഴിഞ്ഞ സാഹചര്യത്തിലും പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സാമ്പത്തികനഷ്ടം ഉണ്ടായിട്ടില്ല എന്ന വസ്തുത പരിഗണിച്ചും കാരണം കാണിക്കൽ നോട്ടീസിൽ തീരുമാനിച്ച മാസപെൻഷനിൽ നിന്നും 500 രൂപ 5 വർഷത്തേയ്ക്ക് കുറവ് ചെയ്യുക എന്ന ശിക്ഷയിൽ ഇളവ് വരുത്തി മാസ പെൻഷനിൽ നിന്നും 500 രൂപ 3 വർഷത്തേയ്ക്ക് കുറവ് ചെയ്ത്കൊണ്ട് ടിയാനെതിരായ അച്ചടക്കനടപടി തീർപ്പാക്കുന്നതിന്മേൽ ബഹു. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം ആരായുകയും പരാമർശം (14) പ്രകാരം പ്രസ്തുത തീരുമാനത്തോട് ബഹു. കേരള പബ്ലിക് സർവീസ് കമ്മീഷൻ യോജിപ്പ് അറിയിക്കുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ. വൈ. റഹിംകുട്ടിക്കെതിരെയുള്ള അച്ചടക്ക നടപടി, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ 5 വർഷത്തേയ്ക്ക് കുറവ് ചെയ്യുക എന്ന താത്കാലിക ശിക്ഷയിൽ ഇളവ് വരുത്തി KSR Part III Rule 3 (a) പ്രകാരം മാസ പെൻഷനിൽ നിന്നും 500/- രൂപ 3 വർഷത്തേയ്ക്ക് കുറവ് ചെയ്ത്കൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. റഹീംകുട്ടി. വൈ, മുൻ അസിസ്റ്റന്റ് സെക്രട്ടറി, മൈലം. ഗ്രാമപഞ്ചായത്ത്, കൊല്ലം (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന).
3. ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, കൊല്ലം.
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/22/2021/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Noushad M
Date: 21-06-2023 14:08:02

I km